# മുഖവുര

# സ്നാനം ബൈബിളിൽ

*“യേശു അടുത്തു ചെന്നു, ‘സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും, നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു’ ” (മത്തായി 28:18-20)*

ബൈബിളിൽ, സ്നാനം വിശ്വാസത്തോടു യോജിച്ചിരിക്കുന്നതു കൊണ്ടു വിശ്വാസത്തിന്റെ ഗുണഫലങ്ങളും സ്നാനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ, സ്നാനത്തെ വിശ്വാസത്തിൽ നിന്നു വേർപെടുത്താവുന്നതല്ല - അതുപോലെ സ്നാനം വിശ്വാസത്തിൽ നിന്നും. ഒരു ക്രിസ്ത്യാനിയായിത്തീരുന്നതിനെ സംബന്ധിച്ചു ഒന്നിനെ മാറ്റി മറ്റൊന്നിനെ ചർച്ച ചെയ്യുവാൻ സാധ്യമല്ല, അതുപോലെ രക്ഷയുടെ അനുഗ്രഹങ്ങളും ഒരു ഭാഗത്തെ മറ്റേതിൽ നിന്നു അകറ്റാവുന്നതല്ല.

ഒരു കുറിപ്പു ന്യൂ ജെറുശലേം ബൈബിളിൽ പറയുന്നതു,

> സ്നാനം വിശ്വാസവുമായി അന്തരമുണ്ടാക്കുകയല്ല എന്നാൽ അതിനോടു ചേർന്നു നില്ക്കുകയാണ്, ... വിശ്വാസത്തിനും സ്നാനത്തിനും ഒരേ ഫലങ്ങളാണ് ഉള്ളതു എന്നു പൗലൊസ് പറയുന്നു .... പാപി വെള്ളത്തിൽ അടക്കപ്പെടുകയും ... അങ്ങനെ ക്രിസ്തുവിനോടുകൂടെ “അടക്കപ്പെടുകയും” ചെയ്യുന്നു, ... [നോക്കുക ഗലാത്യർ 3:26; കൊലൊസ്യർ 2:12].[1]

സ്നാനത്തിനു വിശ്വാസവുമായുള്ള ബന്ധം നിമിത്തം സ്നാനത്തെ ബൈബിൾ കാഴ്ച്ചപ്പാടിൽ പഠിച്ചാൽ അതിന്റെ പ്രാധാന്യം ഉറപ്പാക്കാം.

ഈ പഠനത്തിലേക്കു പ്രവേശിക്കുന്ന ഓരോരുത്തരും തുറന്ന മന

സ്സോടും തുറന്ന പുസ്തകമായ – ബൈബിളുമായിട്ടായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇതു നമ്മെ സ്നാനത്തെക്കുറിച്ചു ബൈബിൾ ഉപദേശിക്കുന്നതു പരിഗണിച്ചു താല്പര്യപൂർവ്വമായ പഠനത്തിലേക്കു നയിക്കും.

---

കുറിപ്പുകൾ

[1]ഹെൻറി വാൻസ്ബ്രഫ്, ജെൻ. എഡ്., ദ ന്യൂ ജെറുസലേം ബൈബിൾ (ന്യൂയോർക്ക്: ഡബിൾഡേ, 1985), 1875, എൻഎ. [2]നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു പുതിയ നിയമത്തിൽ കാണിക്കുന്ന (റോമർ 1:17; ഗലാത്യർ 3:13; എബ്രായർ 10:38) ഹബക്കൂക്ക് 2:4-ൽ മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെടുന്ന ഉദ്ധരണികൾ ഇതിൽ ഉൾപ്പെടുന്നില്ല. [3]അവനെ തള്ളിപ്പറയുന്നത് ഇവിടെ അർത്ഥമാക്കുന്നത് ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള തള്ളിപ്പറയലാണ് (നോക്കുക മത്തായി 10:33; ലൂക്കൊസ് 12:9).

© 2009 Truth for Today